ഉത്തരം

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ നെടുംങ്കണ്ടം താലൂക്കാശുപത്രി കെട്ടിടനിർമ്മാണത്തിന് NRHM ഫണ്ട് അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക 26,36,140 രൂപ.

(ബി) നിർമ്മാണം പൂർത്തിയായി.

എൻ.ആർ.എച്ച്.എം. ജീവനക്കാരുടെ വേതന നിരക്ക്

38 (1760) ശ്രീ. പി. ജെ ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻ. ആർ. എച്ച്. എം. പദ്ധതിയിൽപ്പെടുത്തി നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

നിശ്ചയിച്ചിട്ടില്ല. എന്നാൽ, സംസ്ഥാനം സമർപ്പിക്കുന്ന വാർഷിക പദ്ധതിയിൽ ഓരോ തസ്തികയും നൽകേണ്ട ശമ്പളം വ്യക്തമാക്കിയിട്ടുണ്ട്.

എൻ.ആർ.എച്ച്.എം. ജീവനക്കാർക്ക് വേതനം ലഭ്യമാക്കാൻ നടപടി

39 (1761) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ വഴി പഞ്ചായത്തുകളിൽ ആരംഭിച്ച ഹോമിയോ ഡിസ്പെൻസറികളിൽ എത്ര വീതം ജീവനക്കാരെയാണ് അനുവദിച്ചത് ; അവർ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നു ;

(ബി) ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ആരെ ചുമതല പ്പെടുത്തിയാണ് ഉത്തരവായിരുന്നത് ;

(സി) ഇവരിൽ ഏതെങ്കിലും വിഭാഗങ്ങൾക്ക് ശമ്പളം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം.വഴി കരാർ അടിസ്ഥനത്തിൽ ഓരോ മെഡിക്കൽ ആഫീസർമാരെ ഹോമിയോ ഡിസ്പെൻസറികളിൽ നിയമിച്ചിട്ടുണ്ട്.

(ബി) ടി മെഡിക്കൽ ആഫീസർമാർക്ക് ശമ്പളം എൻ.ആർ.എച്ച്.എം. ആണ് നൽകുന്നത്.

(സി) മെഡിക്കൽ ആഫീസർമാർക്ക് ശമ്പളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പഞ്ചായത്ത് നിയമിച്ച ചില ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട് ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly